**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6169** **09-11-2021 - ൽ മറുപടിയ്ക്ക്**

**അക്വേറിയം റിഫോംസ് സംബന്ധിച്ച് നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | അക്വോറിയൻ റീഫോംസ് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് കരട് ബിൽ 2015 ൽ തയ്യാറാക്കിയിരുന്നു. എന്നാൽ അക്വോറിയൻ റിഫോംസുമായി ബന്ധപ്പെട്ട് 2015-ലെ കരടിൽ ഉൾപ്പെടുത്തിയിരുന്ന മത്സ്യബന്ധന നിയന്ത്രണ വ്യവസ്ഥകൾ KMFR ഭേദഗതി ആക്ട് വഴി നിലവിൽ വന്നതിനാലും, മത്സ്യലേലം, വിപണനം സംബന്ധിച്ച വിഷയങ്ങൾ 'കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ബില്ലിൽ' ഉൾപ്പെട്ടതിനാലും മത്സ്യത്തൊഴിലാളി അവകാശങ്ങളെ സംബന്ധിച്ച് 'മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം' രൂപപ്പെടുത്തിയാൽ മതിയാകുന്നതാണെന്ന തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് സ.ഉ.(സാധാ) നം.857/2019/മ.തു.വ തീയതി, 20.11.2019 പ്രകാരം മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന്റെ കരട് തയ്യാറാക്കുന്നതിലേക്കായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഭരണഘടനയ്ക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പരമാവധി പ്രയോജനം ലഭ്യമാകത്തക്ക രീതിയിൽ ആദ്യ കരട് തയ്യാറാക്കി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ